# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4496 — 26.06.14 ൽ - മറുപടിക്ക്

## പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, പി. ബി. അബ്ദുൾ റസാക്<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ ശൃംഖല വഴി യുള്ള ഭക്ഷ്യധാന്യവിതരണം കുറ്റമ റ്റതാക്കാൻ എന്തൊക്കെ നടപടിക ളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദ മാക്കുമോ; | (എ) പൊതുവിതരണ ശൃംഖല കുറ്റമറ്റ താക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനു-മായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. വർദ്ധിച്ചുവരുന്ന വിലക്കയറ്റത്തിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്ന തിനായി പൊതുവിതരണ ശൃംഖലയിലൂടെ കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു. കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് മുതലായവ തടയുന്നതി നായി സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കർശന പരിശോധനയും റെയ്ഡുകളും നടത്തി വരുന്നു. റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് അർഹമായ അളവിൽ ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിനായി താലൂക്ക് സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ റേഷൻ കാർഡുകൾ പരിശോധിക്കുകയും അവ റേഷൻ കടകളിലെ റിക്കാർഡുകളുമായി താരതമ്യം ചെയ്ത് കൃത്രിമം നടത്തുന്ന കേസുകളിൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ ലഭ്യത പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ഉപഭോക്താവിന്റെ പരാതികളും നിർദ്ദേശങ്ങളും 1800-425-1550, 1967 എന്നീ ടോൾഫ്രീ നമ്പരുകളിലോ ബന്ധപ്പെട്ട ജില്ല/താലൂക്ക് സപ്ലൈ ആഫീസു കളിലോ, ബഹു. ഭക്ഷ്യ മന്ത്രിയുടെ ആഫീസിലോ, സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിലോ അറിയിക്കുന്നതിനും പരാതി പരിഹരിക്കുന്ന-തിനുമുള്ള സംവിധാനം നിലവിലുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ ഉപഭോക്താക്കളിലേക്കുള്ള നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, |

| | | |
|---|---|---|
| | | ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി **Web** അടിസ്ഥാനമാക്കിയ അലർട്ട് സംവിധാനമായ **FMPDS (Foodgrain Movement for effective Public Distribution System)** സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൊതു വിതരണ സമ്പ്രദായം സുതാര്യമായും കുറ്റമറ്റതായും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്ത് ജില്ലാ/താലൂക്ക്/മുനിസിപ്പൽ പഞ്ചായത്ത് തലത്തിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നടപടികൾമൂലം ഭക്ഷ്യ ധാന്യവിതരണം കാര്യക്ഷമമാക്കാനും അർഹരായവർക്കെല്ലാം ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാധിച്ചിട്ടുണ്ടോ; | (ബി) പ്രസ്തുത നടപടികളിലൂടെ ഭക്ഷ്യധാന്യ വിതരണം കാര്യക്ഷമമാക്കാനും അർഹരായവർക്കെല്ലാം ന്യായ വിലയ്ക്ക് ഭക്ഷ്യ ധാന്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിലൂടെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കുറ്റമറ്റതാക്കാൻ കഴിയും. |
| (സി) | 2013-14-ൽ അനധികൃതമായി കടത്തുകയോ ശേഖരിച്ചുവയ്ക്കുകയോ ചെയ്ത റേഷൻ ഭക്ഷ്യവസ്തുക്കൾ സർക്കാർ ഏജൻസികൾ പിടികൂടിയിട്ടുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാം എത്രത്തോളം പിടികൂടിയെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ ? | (സി) ഉണ്ട്. 2013-14-ൽ അനധികൃതമായി കടത്തിയ ഭക്ഷ്യ വസ്തുക്കൾ പിടിച്ചെടുത്തത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | പിടിച്ചെടുത്ത സ്ഥലം | പിടിച്ചെടുത്ത സാധനങ്ങളുടെ അളവ് |
|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം താലൂക്ക് | 160 ചാക്ക് അരി |
| | നെടുമങ്ങാട് താലൂക്ക് | 186 ചാക്ക് അരി<br>10 കി. പഞ്ചസാര |
| | ചിറയിൻകീഴ് താലൂക്ക് | 413 ചാക്ക് അരി |
| | നെയ്യാറ്റിൻകര താലൂക്ക് | 1111 ചാക്ക് അരി<br>187 ചാക്ക് ഗോതമ്പ് |
| | സിറ്റി റേഷനിംഗ് ആഫീസ് (നോർത്ത്) | 2 ചാക്ക് അരി |
| | സിറ്റി റേഷനിംഗ് ആഫീസ് (സൗത്ത്) | 238 ചാക്ക് അരി<br>86 ചാക്ക് ഗോതമ്പ് |
| കൊല്ലം | കൊല്ലം താലൂക്ക് | 18250 കി.ഗ്രാം പുഴുക്കലരി<br>6740 കി.ഗ്രാം. പച്ചരി<br>2135 കി.ഗ്രാം ഗോതമ്പ്<br>4610 ലിറ്റർ മണ്ണെണ്ണ |
| | കരുനാഗപ്പള്ളി താലൂക്ക് | 19720 കി.ഗ്രാം പുഴുക്കലരി<br>4950 കി.ഗ്രാം. പച്ചരി<br>4020 കി.ഗ്രാം ഗോതമ്പ്<br>3990 ലിറ്റർ മണ്ണെണ്ണ |
| | കൊട്ടാരക്കര താലൂക്ക് | 11280 കി.ഗ്രാം പുഴുക്കലരി<br>3300 കി.ഗ്രാം. പച്ചരി<br>3080 കി.ഗ്രാം ഗോതമ്പ്<br>125 ലിറ്റർ മണ്ണെണ്ണ |
| | കുന്നത്തൂർ താലൂക്ക് | 9300 കി.ഗ്രാം പുഴുക്കലരി<br>1623 കി.ഗ്രാം. പച്ചരി<br>1600 കി.ഗ്രാം ഗോതമ്പ്<br>200 ലിറ്റർ മണ്ണെണ്ണ |
| | പത്തനാപുരം താലൂക്ക് | 7754 കി.ഗ്രാം പുഴുക്കലരി<br>1795 കി.ഗ്രാം. പച്ചരി<br>2171 കി.ഗ്രാം ഗോതമ്പ്<br>100 ലിറ്റർ മണ്ണെണ്ണ |
| പത്തനംതിട്ട | ചിറ്റാർ | 2 ചാക്ക് അരി |
| ആലപ്പുഴ | അമ്പലപ്പുഴ താലൂക്ക് | 4911 കി.ഗ്രാം ഗോതമ്പ്<br>1345 കി.ഗ്രാം അരി |
| | ചെങ്ങന്നൂർ താലൂക്ക് | 1250 കി.ഗ്രാം ഗോതമ്പ്<br>1150 കി.ഗ്രാം അരി |
| | കാർത്തികപ്പള്ളി താലൂക്ക് | 2730 കി.ഗ്രാം അരി |
| കോട്ടയം | ചങ്ങനാശ്ശേരി താലൂക്ക് | 8347 കി.ഗ്രാം അരി<br>100 കി.ഗ്രാം ഗോതമ്പ് |
| ഇടുക്കി | ഇല്ല | |

| | | |
|---|---|---|
| എറണാകുളം | കുന്നത്തുനാട് താലൂക്ക് | 45850 കി.ഗ്രാം അരി<br>700 കി.ഗ്രാം ഗോതമ്പ് |
| | കോതമംഗലം താലൂക്ക് | 250 കി.ഗ്രാം പച്ചരി |
| | മൂവാറ്റുപുഴ താലൂക്ക് | 10000 കി.ഗ്രാം അരി |
| | കൊച്ചി-നായരമ്പലം | 110 കി.ഗ്രാം അരി<br>49 കി.ഗ്രാം പച്ചരി |
| | പെരുമ്പാവൂർ - കൂവപ്പടി | 10650 കി.ഗ്രാം മട്ട അരി |
| | മൂവാറ്റുപുഴ- കല്ലൂർക്കാട് | 500 കി.ഗ്രാം അരി |
| | ഏലൂർ കണ്ടെയ്നർ റോഡ് | 21750 കി.ഗ്രാം ഗോതമ്പ് |
| | കോതമംഗലം - മലയിൻകീഴ് | 5150 കി.ഗ്രാം അരി<br>300 കി.ഗ്രാം ഗോതമ്പ് |
| | കാലടി | 43383 കി.ഗ്രാം ഗോതമ്പ് |
| | ആലുവ ടൗൺ | 10300 കി.ഗ്രാം ഗോതമ്പ് |
| തൃശ്ശൂർ | തൃശ്ശൂർ താലൂക്ക് | 687 ക്വിന്റൽ അരി |
| | തലപ്പിള്ളി | 1 ക്വിന്റൽ പഞ്ചസാര<br>1.47 ക്വിന്റൽ ഗോതമ്പ്<br>50 കി.ഗ്രാം അരി |
| | മുകുന്ദപുരം | 5.12 ക്വിന്റൽ അരി |
| | കൊടുങ്ങല്ലൂർ | 100 ക്വിന്റൽ ഗോതമ്പ് |
| പാലക്കാട് | ഇല്ല | |
| മലപ്പുറം | തിരൂരങ്ങാടി - വേങ്ങര | 55 ലിറ്റർ മണ്ണെണ്ണ |
| | തിരൂർ - വളാഞ്ചേരി | 158 കി.ഗ്രാം അരി<br>65 കി.ഗ്രാം പുഴുക്കലരി<br>68 ലിറ്റർ മണ്ണെണ്ണ |
| | ഏറനാട് - ഒളമതിൽ | 200 കി.ഗ്രാം റേഷനരി |
| | തിരൂരങ്ങാടി - ചേലേമ്പ്ര | 22 ചാക്ക് ഗോതമ്പ് |
| | തിരൂർ - വളാഞ്ചേരി | 300 ചാക്ക് അരി |
| കോഴിക്കോട് | വടകര - ചോമ്പാല | 80 ചാക്ക് ഗോതമ്പ് |
| | മുക്കം | 2 ചാക്ക് ഗോതമ്പ് |
| | മുക്കം | 2 ചാക്ക് പച്ചരി<br>9 കി.ഗ്രാം ഗോതമ്പ് |
| | വടകര താലൂക്ക് | 123 ചാക്ക് അരി |
| വയനാട് | ഇല്ല | |
| കണ്ണൂർ | തലശ്ശേരി | 4167.5 ലിറ്റർ മണ്ണെണ്ണ |
| | ധർമ്മടം | 1379.5 ലിറ്റർ മണ്ണെണ്ണ |
| കാസർഗോഡ് | കാസർഗോഡ് പഴയ സ്റ്റാൻഡിന് സമീപം | 450 കി.ഗ്രാം അരി |
| | മൊഗ്രാൽപുത്തൂർ പഞ്ചായത്ത് | 600 കി.ഗ്രാം അരി |
| | വിദ്യാനഗർ, കാസർഗോഡ് | 99 ക്വിന്റൽ ഗോതമ്പ്<br>240 കി.ഗ്രാം പഞ്ചസാര<br>305 ലിറ്റർ മണ്ണെണ്ണ |